# ആൻസ് വിസ്മയം 2018



little KITEs

# PRESENTS...

# ആശീർവാദങ്ങളോടെ



ഭാരതത്തിന്റെ സംസ്കാരം ആർഷഭാരത സംസ്കാരമാണ്. ഗുരുവിന്റെ ഗൃഹത്തിൽ വസിച്ച് ഗുരുമുഖത്ത് നിന്ന് വിദ്യ അഭ്യസിച്ച വന്ന ശക്തമായ പാരമ്പര്യം. കാലഘട്ടം മുന്നോട്ട് പോകുന്നതോടൊപ്പം മനുഷ്യന്റെ വർധിച്ച വന്ന ആവശ്യങ്ങൾ നവനവങ്ങളായ കണ്ടുപിടിത്തങ്ങളിലേക്ക് നയിക്കുകയുണ്ടായി. ഇന്ന് മനുഷ്യന്റെ അന്വേഷണത്വരയുള്ള കണ്ണുകൾ മനുഷ്യന് എത്തിച്ചേരാൻ കഴിയാത്തതെന്ന് മാനവലോകം കരുതിയിരുന്ന അന്യഗ്രഹങ്ങളിലേക്ക് ഉറ്റുനോക്കാനും അവിടെ വാസമുറപ്പിക്കാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ കൊച്ചു കേരളവും വിവരവിനിമയ സാങ്കേതിക വിദ്യകളുടെ രംഗത്ത് ഒട്ടും പുറകിലല്ല. എങ്കിലും  വിവരവിനിമയ ശാസ്ത്ര സാങ്കേതിക രംഗത്ത് കൂടുതൽ അറിവു നേടി അതുവഴി കുട്ടികളുടെ വിദ്യാഭ്യാസം കൂടുതൽ മെച്ചമുള്ളതാക്കാനായി സംസ്ഥാന ഗവൺമെന്റ് ഹൈസ്കൂൾ കുട്ടിക്കൂട്ടത്തിന് തുടക്കമിട്ട് പ്രവർത്തനങ്ങൾ ആരംഭിക്കുകയും 2018 ന്റെ ആരംഭത്തോടെ അത് KITE( Kerala Infrastructure and Technology for Education)എന്ന പേരിൽ പ്രവർത്തനം തുടർന്നുപോരുന്നു. ഘട്ടം ഘട്ടമായി നടത്തിവരുന്ന വിവിധ പരിശീലന പ്രവർത്തനങ്ങളിലൂടെ KITE അംഗങ്ങൾ ആനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, എഡിറ്റിംഗ്, ഡിജിറ്റൽ ക്യാമറയുടെ പ്രവർത്തനം എന്നിവയിൽ വിദഗ്ധ പരിശീലനം നേടി വരുന്നു. KITE ന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ വിദ്യാർത്ഥികൾ സ്വയം തയ്യാറാക്കുന്ന E Magazine ഏറ്റവും മികച്ചതാകട്ടെയെന്ന് ആശംസിക്കുന്നു. എല്ലാഭാവുകങ്ങളും നേരുന്നു.

**Sr. Mable CMC Headmistress**
**(ST.ANNE'S GHS EDATHIRUTHY)**



# എഡിറ്റോറിയൽ

ഓരോ വാക്കുകളും ഓരോ അക്ഷരവും അനിർവചനീയമായ സൃഷ്ടിയാണ്. പുസ്തകതാളുകൾ മറയ്ക്കപ്പെടുമ്പോഴും അതിൽ കഷ്ടപാടുകളുടെ വിയർപ്പുതുള്ളികളും ആഹ്ളാദത്തിന്റെ ആശ്വാസത്തിന്റെ നെടുവീർപ്പുകളും നിറഞ്ഞുനിൽക്കുന്ന വിദ്യാലയമുറ്റത്തിലൂടെ,സൗഹൃദ ഓർമ്മകൾക്കൊപ്പം, കവിതയായി,കഥകളിൽ വർണ്ണമായി ഇതാ ഒരു കൊച്ചു ആരംഭം.ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സഞ്ചാരപഥത്തിൽ 'അതിവേഗം ബഹുദൂരം' ഒരു **E-magazine** രൂപാന്തരത്തിലാണ് വായനക്കാരുടെ ഹൃദയവിശാലതയിലേക്ക് കടന്നു ചെല്ലുന്നത്. തത്വചിന്തകൾ, ശൈലികൾ, പ്രയോഗങ്ങൾ, എല്ലാം ഈ താളുകളിൽ നിറപകിട്ടാർജ്ജിക്കുന്നു.കൊച്ചുകുരുന്നുകൾ മുതൽ മുതിർന്നവരെ വരെ ഒരുപോലെ തൃപ്തിപ്പെടുത്താൻ ഈ മാസികയ്ക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് ഞങ്ങളെ സഹായിച്ച റിൻസി സിസ്റ്റർക്കും അലീന സിസ്റ്റർക്കും നന്ദി പറയുന്നു. കാഴ്ചയുടെ പുതുവസന്തത്തിന് അഭിനന്ദനങ്ങൾ.

എന്ന്

അശ്വതി. ടി വിജയകുമാർ
(ചീഫ് എഡിറ്റർ)

# LITTLE SCHOLARS



# വിസ്മയത്തിലേക്ക്.....


**ഉള്ളടക്കം**

*THROUGH ST.ANNES*..........8
ലിറ്റിൽ കൈറ്റസ്..........9
2018 ഓർമ്മകളിലൂടെ..........10
പ്രളയതാണ്ഡവത്തിൽ..........14
പ്രളയാന്തര ഭവന സന്ദർശന റിപ്പോർട്ട്..........16
മാസ്മരിക ആലാപനത്തിന് വിട..........24
GREAT QUOTATION..........26
മൗനം..........27
RUN..........29
മറക്കില്ല ഈ കാലം..........30
INTERESTING FACTS ABOUT HUMAN BODY..........31
എന്റെ പ്രിയ കൂട്ടുകാരി..........32
PROVERBS..........36
ഓട്ടിസം..........37
IF THERE IS A WILL, THERE IS A WAY..........41
*MAHATMA GANDHI*..........43
ഭൂമിശാസ്ത്രപരമായ ഇരട്ടപേരുകൾ..........44
സൗഹൃദത്തിന്റെ നാനാർത്ഥം..........46
QUIZ TIME..........47
ജീവിതശൈലീ രോഗങ്ങൾ..........49
10 PRINCIPLES FOR LEADERS..........51
വരകളിൽ തെളിയുന്ന വിലാസം..........52
EXAMINATION..........53
ഒരു വേദന..........54
THE IMPORTANCE OF NEWSPAPERS..........55
മരമൊരു വരം..........56
AN IDEAL STUDENT..........58
FRIENDSHIP..........60
LOVE IS FRIENDSHIP..........61
MY SECOND HOME..........62
NIGHT..........63
"PASS IT ON"..........64
*FRIENDS*..........65
കുട്ടിക്കാലം..........67
കാത്തിരിപ്പിന്റെ വിലാപം..........68
..........70

നോബേൽ 2018......77

ഹൃദയപൂർവ്വം......79

വിസ്മയത്തിന് പിന്നിലെ വിസ്മയങ്ങൾ......81

# THROUGH ST.ANNES

Edathiruthy a necklace of the Arabian sea in a picturesque small coastal village near the Kannoly canal. The historical Kannoly Canal which acts as a boundary in the Malabar Kochi eva extends from Munayam to Mathilakam. To the west of this Kannoly canal in between Kattoor Edathiruthy market and Kannoly bridge stando St. Anne's G.H.S. spreading a dignity and serenity which one cannot escape.The history of the school goes back to the 19$^{th}$ century when little value was given to women education. In the light of the vision of saint Fr.Chavara Elias the founder of CMC congregation the sisters of CMC decided to take up the issue of women education. With the support of the local leaders and the blessings of the Vicar of Edathiruthy Carmel Nadha Forane Church Fr. Kunchi Palu Alapatt a school was set up in the name of heavenly St. Anne's, the saint for every women. Thus the St. Anne's Convent Elementary School was established in the year 1906. It was with the tireless efforts of the headmistress Sr. Clara CMC the school manager and the full support of the local leaders the school got sanction of the Government. The school which started with 71 students ever since has been home and guidance to thousands of children. In 1955 the high school was set up. The first principal of the high school was Sr. Mary Benigna.

# ലിറ്റിൽ കൈറ്റസ്...


2017 മുതൽ നടപ്പാക്കിവരുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഡിജിറ്റൽ യുഗത്തിൽ വളർന്നു വരുന്ന പുതുതലമുറയെ കംപ്യൂട്ടറുമായി സൗഹൃദം സ്ഥാപിക്കാൻ ലിറ്റിൽ കൈറ്റ്സ് മുഖേന കഴിയുന്നു. ഭാവിയിൽ ശാസ്ത്രസാങ്കേതിക വിദ്യയുടെ മൂല്യം കൂടിവരികയാണ്, ഭാവി ജീവിതത്തിനു വേണ്ടി പുതു തലമുറയെ പ്രാപ്തരാക്കാൻ ഈ സംഘടന സഹായിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ അംഗമാണെന്നതിൽ ഓരോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിമാനകരമാണ്. ടെക്സ്റ്റ് ബുക്കിലെ പാഠഭാഗങ്ങൾ മാത്രം പഠിച്ചിരുന്ന ഞങ്ങൾക്ക് അതിലപ്പുറമുള്ള അറിവുകൾ ഈ ക്ലബ്ബിലൂടെ ലഭിക്കുന്നു.ആനിമേഷൻ, പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഡിജിറ്റൽ ക്യാമറയുടെ ഉപയോഗം, Blender പോലെയുള്ള സോഫ്റ്റ് വെയറുകളുടെ ഉപയോഗം തുടങ്ങിയ അറിവുകൾ ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇനിയും ഇത്തരത്തിലുള്ള ക്ലബ്ബുകൾ രൂപീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



# 2018 ഓർമ്മകളിലൂടെ...

2018 കേരളത്തിനെ സംബന്ധിച്ച് സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും ഒരു മാറ്റൊലി ആയിരുന്നു.

നിപ്പ എന്ന ചുരുളഴിയാത്ത രോഗം കേരളത്തിൽ അനേകം ആളുകളുടെ ജീവഹാനിക്കു കാരണമായി.



കേരളത്തെ ഞെട്ടിച്ച കൊടും പേമാരി വിഴുങ്ങിയ നാളുകൾകൂടിയായിരുന്നു 2018. ജാതിമത ഭേതമന്യേ അഹങ്കാരത്തിന്റെ മതിൽക്കെട്ടുകൾ ഇല്ലാതെ കേരളീയർ ഒറ്റക്കെട്ടായി നിന്ന നിമിഷങ്ങൾ . കേരളത്തിന് അനവധി നാശനഷ്ട്ങ്ങളും ഈ പ്രളയം വരുത്തിതീർത്തു.




കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. 'ആകാശപക്ഷിക്ക് ഒരു കൂട് ' എന്നാണ് വിശേഷിപ്പിച്ചത്.



ചരിത്രപരമായ 'ശബരിമല സ്ത്രീപ്രവേശനം' സുപ്രീംകോടതി അനുവദിച്ചത് ഈ വർഷമായിരുന്നു.

ഭാരതത്തിന്റെ ഉരുക്കുമനുഷ്യനെന്ന് അറിയപ്പെടുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ 128 അടി നീളമുള്ള പ്രതിമ സ്ഥാപിക്കുന്നതിന് ഗുജറാത്ത് വേദിയായത് ഇന്ത്യയെ സംബന്ധിച്ച് വലിയ നേട്ടമായിരുന്നു.



പ്രമുഖ ഇന്ത്യൻ ക്രിക്കറ്റ്താരം വിരാട് കോഹ്ലിയുടെ വിവാഹവും 1000 റൺസ്സെന്ന റെക്കോർഡും ഈ വർഷം തന്നെയായിരുന്നു.




4 വർഷത്തിനു ശേഷം വേൾഡ് കപ്പ് റഷ്യ ആതിഥേയം വഹിച്ചതും ഫ്രാൻസ്സിന്റെ വിജയവും ഈ വർഷം തന്നെയായിരുന്നു.







# പ്രളയതാണ്ഡവത്തിൽ







# പ്രളയതാണ്ഡവത്തിൽ.....

2018 ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് തീരാ തിരുമുറിവുണ്ടായ വർഷമായിരുന്നു. പലരാജ്യങ്ങൾക്കും തകർക്കാൻ കഴിയാത്ത, ലോകത്തിനു മുന്നിൽ പോലും അത്ഭുതമായ പലമാതൃകകളും പ്രളയം  കവർന്നെടുത്തു. ശക്തമായ പേമാരിയിൽ കേരളത്തിന്റെ വരമ്പുകളും കുന്നും മണ്ണും ആകാശവും ഒരുപോലെ കോരിത്തരിച്ചുനിന്നു. അനേകം ജീവിതങ്ങൾ പൊലിയുകയും നാശത്തിന്റെ ഖേദങ്ങൾ അനുഭവിക്കുകയും ചെയ്തു. കേരളത്തിലെ 44 നദികളും ഗതിമാറി ഒഴുകുകയും 56 അണക്കെട്ടുകൾ തുറക്കുകയും ചെയ്തതോടെ പ്രളയത്തിന്റെ തീവ്രത കൂടുതൽ ശക്തിയാർജ്ജിച്ചു. സാമ്പത്തിക- ശാസ്ത്ര- സാമൂഹിക മേഖലകളിലും സമ്പന്നൻ-ദരിദ്രൻ എന്നിങ്ങനെയല്ലാതെ പ്രളയം ഏവർക്കും പലഹാനികളും ഏല്പിച്ചു. എന്നാൽ ഹൃദയങ്ങളെ നുറുക്കിയ പ്രളയം അനേകം നല്ല ഗുണങ്ങൾ സമ്മാനിച്ചു കൊണ്ടാണ് തിരിച്ചു പോയത്. ഇഷ്ടികകൾകൊണ്ടോ സിമന്റുകൊണ്ടോ തീർക്കുന്ന ഒരു മതിലിനുപോലും മനുഷ്യബന്ധങ്ങളുടെ ശക്തിയെ വെല്ലുവാൻ സാധിക്കില്ല എന്ന് പ്രളയം പകർന്നു തന്നു. സമ്പന്നനും ദരിദ്രനും ക്യാമ്പുകളുടെ ആശ്വാസകുടക്കീഴിൽ ഒരേ പാത്രത്തിൽ ഭക്ഷണം പങ്കിട്ടപ്പോൾ ജാതിയും മതവുമല്ല മനുഷ്യൻ ഒരേ ചോരയാണെന്ന തിരിച്ചറിവാണ് പ്രളയം തിരിച്ചുനല്കിയത് . അറപ്പോടുകൂടിയും പുച്ഛത്തോടുകൂടിയും കണ്ട മത്സ്യത്തൊഴിലാളികളുടെ കരങ്ങൾക്കായി നിലവിളിച്ചതും  പ്രളയം നല്കിയ പാഠങ്ങളായിരുന്നു. ഇന്ന് കേരളം അതിജീവനത്തിന്റെ തണലിലാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഇന്ന് പ്രതീക്ഷയുടെ പുൽനാമ്പുകൾ വീണ്ടും തളിർത്തുതുടങ്ങി.

# സാന്ത്വനം



# ലിറ്റിൽ കൈറ്റ്സ്

# പ്രളയാന്തര ഭവന സന്ദർശന റിപ്പോർട്ട്

# ST. ANNE'S G.H.S EDATHIRUTHY

**പ്രളയം തകർത്തെറിഞ്ഞ നമ്മുടെ നാട് അതിജീവനത്തിന്റെ പാതയിലാണ്. ഈ പ്രളയത്തിൽ അകപ്പെട്ടുപോയി കാട്ടൂർ ഗ്രാമത്തിന്റെ വേദനകളിലൂടെയാണ് ഒരു തിരനോട്ടമായാണ് ഈ ഭവന സന്ദർശനയാത്ര ഞങ്ങൾ നടത്തിയത്.**

**പ്രളയം എന്ന വലിയ ദുരന്തത്തിന്റെ പകപ്പുമാറാതെ ആ വേദനയുടെ ആഴങ്ങളിൽ നിന്ന് ഒരു കൈതാങ്ങാവാൻ ശ്രമിച്ച**

**'Little Kites'**

**വിദ്യാർത്ഥികളുടെ യാത്രയാണ്.................**

**<u>ടീം അംഗങ്ങൾ</u>**

**Sr. Rincy**
**Sr. Aleena**
**Aswathy T Vijayakumar**
**Hasna Abdul Majeed**
**Devikrishna.P.S**
**Munana Fathima**
**Archana.K.S**
**Abhishekha A.S**
**Anjali krishna.K.S**
**Avanthika.K.D**

## *2018 AUGUST 20*

## 1. Lena Jose Valiyaveetil

അവിടെ ഞങ്ങൾക്ക് വളരെ ഹൃദ്യയമായ സ്വീകരണമാണ് ലഭിച്ചത്.അവരാണ് ഞങ്ങളോട് ആദ്യമായി പ്രളയ അനുഭവങ്ങൾ പങ്കുവച്ചത്.മുട്ടിനൊപ്പം വെള്ളമായിരുന്നു അവിടെ.
ഇതിനു മുൻപ് ഇങ്ങനെയൊന്നും ഉണ്ടായിട്ടില്ല എന്നും പറഞ്ഞു.
വെള്ളം വന്നപ്പോൾ വീടുമാറി.സാമ്പത്തിക നഷ്ടങ്ങളും ഉണ്ടായിട്ടില്ല.
പ്രാർത്ഥിക്കാം എന്നു പറഞ്ഞ് ഞങ്ങൾ ഇറങ്ങി.

## 2. JIJO APPATHUPARAMBIL

ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന നീതു എന്ന കുട്ടിയുടെ വീടായിരുന്നു അത്.അവിടെ നീതുവും, നീതുവിന്റെ ചേട്ടനും, അമ്മയുമാണ് ഉണ്ടായിരുന്നത്. പ്രളയ ബാധിതമാണെന്ന് തോന്നിക്കും വിധമായിരുന്നു ആ വീടിന്റെ അവസ്ഥ. വീടിനു ചുറ്റും കുമ്മായവും മറ്റും ഇട്ടിട്ടുണ്ടായിരുന്നു. നീതുവിന്റെ അമ്മയൽ നിന്നാണ് ഞങ്ങൾക്ക് വിവരങ്ങൾ അറിയാൻ സാധിച്ചത്. ജനലിന് ഒപ്പം അവിടെ വെള്ളം നിന്നിരുന്നു. അഞ്ച് ദിവസം സ്കൂളിൽ ക്യാമ്പിലായിരുന്നു. അന്നേ ദിവസം വരെ പഞ്ചായത്ത് സഹായം ലഭിച്ചില്ല എന്നും കിറ്റ് ലഭിച്ചിരുന്നു എന്നും പറഞ്ഞു. ഒരുപാട് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. കിണർ ക്ലോറിനേറ്റ് ചെയ്തു.

## 3 K.D DIUS

## DIUS HOUSE

## COMMANDER IN AIR FORCE

AIR FORCE ഉദ്യോഗസ്ഥനായ Mr. Dius സാറിന്റെ വീട്ടിലാണ് അടുത്തതായി ഞങ്ങൾ ചെന്നത്.പെട്ടെന്ന് ഉണ്ടായ ഒരു ഉയർച്ചയാണ് വെള്ളത്തിന് കാരണമെന്ന് അദ്ദേഹം പറഞ്ഞു.വീടിന്റെ 3 step ഉയരം വരെ വെള്ളം കയറി.കുട്ടികളെ പള്ളിയുടെ പുറകിലുള്ള വീട്ടിലാണ് 5 ദിവസം താമസിച്ചിരുന്നത്.സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.15,000 രൂപയുടെ നഷ്ടമെന്നാണ് പറഞ്ഞത്.കിണർ chlorinate ചെയ്തു.വളരെ ഹൃദ്യമായി ആയിരുന്നു ചോദ്യങ്ങളും ഉത്തരങ്ങളും.

## 4. HASEENA KUZHIKATTIL

പിന്നീട് ഞങ്ങൾ ചെന്നത് ഹസീനയിത്തയുടെ വീട്ടിലാണ്.വീടിന്റെ മുറ്റത്ത് കുമ്മായം ഇട്ടിരുന്നു.വളരെ സന്തോഷത്തോടെയാണ് അവർ ഞങ്ങളെ സ്വീകരിച്ചത്.അവിടെ ഒരു മകനും കൂടെ ഉണ്ടായിരുന്നു.15-ന് വെള്ളം കയറി തുടങ്ങിയെന്നാണ് പറഞ്ഞത്.2 അടി ഉയരത്തിലായിരുന്നു വെള്ളം നിന്നിരുന്നത്.വീട് വൃത്തിയാക്കി കൊണ്ടിരിക്കുകയായിരുന്നു അവർ.തുണികളും,വീട്ട് സാധനങ്ങളും എല്ലാം നശിച്ചു.ബന്ധുവീടുകളിലാണ് മാറിമാറി താമസിച്ചിരുന്നത്.പൈപ്പ് വെള്ളമാണ് അവർ ഉപയോഗിക്കുന്നത്.ഒരുപാട് സാമ്പത്തിക നഷ്ടം ഉണ്ടായിരുന്നു അവർക്ക്.അവരോട് നന്ദി പറഞ്ഞ് അടുത്ത വീട്ടിലേക്ക്.

## 5.MUHAMMED RAFI : THOPPIYIL

അവിടത്തെ ഗൃഹനാഥൻ ഗൾഫിലാണ്. ഇത്തയാണ് ഉണ്ടായിരുന്നത്. പിന്നെ മകനും.സ്വിച്ച് ബോർഡിനു താഴെ വരെ വെള്ളം വന്നു. ബന്ധുവീട്ടുകളിലായിരുന്നു താമസം. ഫ്രിഡ്ജ്, വാഷിംങ് മെഷീൻ, ടി.വി ഒക്കെ നശിച്ചു. ബുക്കുകളും നശിച്ചു. ഡ്രസ്സിലാകെ ചെളിപറ്റി. കുടിവെള്ളത്തിന് കുഴപ്പമില്ല. സെർട്ടിഫിക്കറ്റ് ഒക്കെ സുരക്ഷിതമാണ്. ആർക്കും അസുഖമില്ല.

## 6. KARIM : PEKATIL


ഇവിടെ ഞങ്ങളെ വരവേറ്റത് നനഞ്ഞ് ഉണങ്ങാനിട്ട പുസ്തകങ്ങളാണ്. അവിടെ എല്ലാവരും വളരെ നന്നായി ആണ് പെരുമാറിയത്. ഡോക്യുമെൻസിന് നാശമില്ല. കുടി വെള്ളം ലഭിക്കാനില്ല എന്നാണ് അവർ പറഞ്ഞത്. ബന്ധുവീട്ടിലായിരുന്നു താമസം. ഫ്രിഡ്ജ് നശിച്ചു. സാമ്പത്തിക നഷ്ടം ഉണ്ട്.

**ഞങ്ങളുടെ അവസാനത്തെ വീടായിരുന്നു അടുത്തത്.**

# 7. HANEEFA : THOPPIYIL

ഞങ്ങളെ സ്വീകരിച്ചത് അവശയായ ഒരുമ്മയായിരുന്നു. പ്രളയത്തിന്റെ കെടുതികൾ തെളിഞ്ഞ് കാണാം. വൃത്തിയാക്കൽ തുടങ്ങാത്തതിനാൽ ആകെ ചെളിയും മണ്ണും പറ്റിപിടിച്ചിരുന്നു. 23 വർഷത്തിനിടെ ആദ്യമായി ഉണ്ടായ അനുഭവം ആണത്രേ ഇത്. ആ വീട്ടിൽ ഉമ്മയും ഉപ്പയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചുമ, പനി എന്നിരോഗങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നതെങ്കിലും ഉമ്മയുടെ കാൽ നീര് വന്ന് വീർത്തിരുന്നു. പിന്നെ വീടിന്റെ അവസ്ഥയും കണ്ടപ്പോൾ സിസ്റ്റർ വീട് വൃത്തിയാക്കാനാവുമോ എന്ന് ചോദിച്ചു.ഞങ്ങൾ എല്ലാവരും കിട്ടാവുന്ന സാധനങ്ങളൊക്കെ പരതിയെടുത്ത് വീട് അടിച്ച് തുടച്ചുകൊടുത്തു. അതിന് ശേഷം ഒരു ഗ്ലാസ്സ് ജ്യൂസും ഒരു ഗ്രൂപ്പ്ഫോട്ടോയും എടുത്താണ് ഞങ്ങൾ മടങ്ങിയത്. ഞങ്ങൾക്കും അവർക്കും സന്തോഷം...

ഉച്ചയൂണിനുമുൻപായി മടങ്ങിയെത്തിയെങ്കിലും എന്തെന്നില്ലാത്ത ഒരുഅനുഭൂതി.ഹെഡ്മിസ്ട്രസ്സിനോടും കൂട്ടുകാരോടും അനുഭവം പങ്കുവയ്ക്കുമ്പോളും ഞങ്ങൾക്കാവുന്നത് ചെയ്യാൻ കഴിഞ്ഞല്ലോ എന്ന സന്തോഷമായിരുന്നു മനസ്സിൽ ഞങ്ങൾക്ക് ഈ അവസരം നൽകിയ **Sr.Mable,Sr. Rincy,Sr. Aleena** എന്നിവരോട് മനസ്സ് നിറഞ്ഞ നന്ദിയുണ്ട്.അതുപോലെ തന്നെ **Little Kites** മുഖാന്തരം ലഭിച്ച ഈ അവസരത്തെ ഞങ്ങൾ നന്ദിയോടെ ഓർക്കും.



..............................................

# LIFE OF A CANDLE

**When the clouds of darkness
Spread its net,
My luminous blaze
Lights the world
As a mother does
for her distressed child.
When the world enjoys
My radiant glow,
I forgot my depression,
And my sorrow
Only for the fellow beings
Who depent on me
for their desires
And endless longings
Like a mother let go her life.
Only for the future of her child.**

**-Sreedevi.k.p**








GAYATHRI MADHU
X A

ANAGHA.K.HARILAL
IX C







ASWATHY.T..VIJAYAKUMAR

NISHNA K NAZEER


FREE SOFTWARE
DAY CELEBRATION
16-03-1953
സ്വതന്ത്ര സോഫ്റ്റ് വെയർ ദിനാഘോഷം
03.10.2018 ബുധൻ
സെന്റ്.ആൻസ് ജി.എച്ച്.എസ്.
എടത്തുരുത്തിയിൽ വച്ച്
രാവിലെ 11 മണിക്ക്
എവർക്കും സ്വാഗതം !!!!!
ലിറ്റിൽ കൈറ്റ്സ്

# മാന്ത്രിക ആലാപനത്തിന് വിട...




വയലിൻ നിശബ്ദമായി ആസ്വദിച്ച മറ്റൊരു വ്യക്തി മലയാള മനസ്സിനെ ഇത്തരത്തിൽ കീഴടക്കിയിട്ടില്ല . തന്റെ വിരലുകൾ വയലിനിൽ ചേർക്കുമ്പോൾ അത് യഥാർത്ഥമായ സംഗീതമായാണ് ബാലഭാസ്കറിൽ ചേരുന്നത് കൗതുകകരമായ കാഴ്ച്ചയാണ്. നുണക്കുഴികൾ വിരിയുന്ന ആ പുഞ്ചിരി ഇന്ന് വിദൂരതയിലാണ്. കലയെ ആരാധിക്കുകയും അതിനെ സ്നേഹിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന കേരളത്തിലെ തിരുവനന്തപുരത്തെ സംഗീതകുട്ടംബത്തിലാണ് ബാലഭാസ്കറുടെ ജനനം. വയലിൻ സംഗീത്തിലുപരി സംഗീതത്തിന്റെ പല കേളീസാമ്രാജങ്ങിലും ഇദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. പാശ്ചാത്തലസംഗീതത്തിലും മികച്ച വാദ്യോപകരണ സംഗീതത്തിലും ഉസ്താദ് ബിസ്മില്ലാഹ് ഖാൻ പുരസ്കാരം ലഭിച്ചു. സംഗീതത്തെ

മനസുകൊണ്ട് സ്നേഹിക്കണം എന്ന് പറഞ്ഞവരോട് സംഗീതം മനസിൽ നിന്നല്ല ആത്മാവിൽ നിന്നാണെന്ന് അദ്ദേഹം ജീവിതം കൊണ്ട് തെളിയിക്കുന്നു. ബാലഭാസ്കർ 2018 ഒക്ടോബർ 2-ാം തിയ്യതി മൺമറഞ്ഞപ്പോൾ കേരളമൊന്നാകെ സ്തംഭിച്ചുപോയി. സംഗീതത്തിന്റെ സ്വന്തം ബാലഭാസ്കർ ഓരോ ആസ്വാദക മനസ്സുകളിൽ ഇന്നും ജീവിക്കുന്നു. സംഗീതമാന്ത്രികന് ഹൃദയത്തിൽ കുതിർന്ന ഒരായിരം പനിനീർപ്പൂച്ചെണ്ടുകൾ...............



# GREAT QUOTATION

**“Reading make a Full man;
Conference a Ready man And
Writing an Exact man”**
**-Francis Bacon**

**“Let us not wallow in the
valley of despair”**
**-Martin Luther King Jr.**

**“Hope is a waking dream”**
**- Aristotle**

**“Dream Dream, Dream
Dreams transform into thoughts
And thoughts result in action”**
**- A.P.J. Abdul Kalam**

**“The weak can't forgive
Forgiveness is the attribute of the strong''**
**-Mahatma Gandhi**

# മൗനം

മൗനം....അതൊരു രാഗമാണ്
കാലമാം തമ്പുരുവിൽ
അനുഭവങ്ങൾമീട്ടും ഹർഷരാഗം
നടപ്പാതയിലെ പൊടിമണ്ണിൽ
ചുടുചോരയുടെ ഗന്ധം വമിക്കുമ്പോഴും
കൊടികുത്തിവാഴുന്ന നൂതനകളിൽ
മൗനത്തിന്റെ ബന്ധങ്ങൾ
അറ്റുപോകുമ്പോഴും
പാവപ്പെട്ടവന്റെ ഗ്രാമത്തിൻ നേരെ
അധികാരത്തിൻ
കൊടുവാൾപ്പിടികളുയരുമ്പോഴും
അത് സംഗീതം പകരുന്നു...
മൗനം അതൊരു നിശ്വാസമാണ്
ഒരു പച്ച മനുഷ്യന്റെ ജീവിതം
വഴിനടത്തുന്ന നേർത്ത നിശ്വാസം...
ഉച്ഛ്വാസ വായുവിലെ പ്രത്യാശയുടെ
കണങ്ങൾ വിഘടിക്കുമ്പോഴും
നിഴലുകൾ മാറുന്ന ശ്മശാന ഭൂവുകൾ
ആവർത്തിക്കുമ്പോഴും
കാലഭൂതങ്ങളുടെ മതിൽക്കെട്ടുകളിൽ
ചിതലുകൾ വിശ്രമം കൊള്ളുമ്പോഴും
അത് പുനരാവിർഭവിക്കുന്നു
കറുത്ത ആകാശത്തിന്റെയും
ചുവന്ന ഭൂമിയുടെയും
അധികാര പരിധിക്കുള്ളിലെ
*ഒരു തനിയാവർത്തനം....മൗനം*

# സുഖവും ജീവിതവിജയവും

സുഖവും ജീവിതവിജയവും രണ്ടു കാര്യങ്ങളെ ആശ്രയിച്ചിരിക്കും ഒന്നുമില്ലാത്ത കാലത്ത് കാര്യങ്ങൾ നടത്തി കൊണ്ടു പോകുന്ന രീതിയാണ് ഒന്ന്. രണ്ടാമത്തേത് നിങ്ങൾക്ക് വേണ്ടതെല്ലാം വേണ്ടിടത്തോളം ഉള്ളപ്പോൾ പെരുമാറുന്ന രീതി.

കാതു കേൾക്കാത്ത കുട്ടി:"നിങ്ങൾക്കൊക്കെ ഞാൻ കാതു കേൾക്കാത്ത ആൾ, പക്ഷെ എനിക്ക് നിങ്ങളെല്ലാം ശബ്ദമില്ലാത്തവർ.



# RUN

One day a young deer said to his mother, “I'm larger than a dog and swifter and I have horns to defend myself with. Yet when a dog appears I run away with the others. I have decided not to run from dogs, in future.”Just then they heard the bark of a dog. The young deer was filled with fear and forgetting his resolve, took to his heels along with his mother and the rest of the herd.

***“Fear drives away reason..”***

***HASNA ABDUL MAJEED***
***IX-C***



# മറക്കില്ല ഈ കാലം

ഉണ്ടായിരുന്നീ നാട്ടിൽ പുതുമകൾ
നന്നായ് വിളഞ്ഞൊരു നല്ലകാലം
ഓണത്തിനൂഞ്ഞാല് കെട്ടിക്കളിക്കുമ്പോൾ
പൂത്തുമ്പി മൂളും സുവർണ്ണകാലം.
പൂരത്തിനെത്തും പുതുച്ചാന്തു കൺമഷി
ഏകിയ ഭംഗി അണിഞ്ഞകാലം
കാറ്റിലുലയുന്ന  പൊൻമുളം തണ്ടിലെ
പാട്ടുകൾ കേട്ടു പഠിച്ച കാലം.
നിഷ്കളഹാസമൊതുക്കിയ ചുണ്ടിതിൽ
അമ്മിഞ്ഞപ്പാലു നുകർന്ന കാലം.
തോട്ടിൽ കളിവഞ്ചിമെല്ലെയിറക്കിയി -
ട്ടാർത്തു ചിരിച്ചൊരു ബാല്യകാലം.
മഴനനച്ചീടുന്ന മണ്ണിലൂടോടുന്ന
വറ്റാത്ത സ്നേഹത്തിൻ വർഷകാലം.
ആയിരം സ്നേഹപുഷ്പങ്ങൾ വിരിഞ്ഞിടും
വാടാക്കിനാവിൻ വസന്തകാലം
കളിവള്ളമതിലൂടൊഴുകിമാഞ്ഞോ
മുത്തപ്പൻ താടിയായി  പാറി വീണോ ?
ഇല്ലയതാകില്ല പൂക്കാലം വന്നപ്പോൾ
പൂവായ് വിരിഞ്ഞു കൊഴിഞ്ഞതാകാം.

**JYOTHIKA**
**IX C**

# INTERESTING FACTS ABOUT HUMAN BODY...

- *Human brain is 80% water.*
- *'Glabella' is the space between your eyebrows.*
- *Everybody has a strong eye and a weak eye.*
- *The eye ball of a human weighs approximately 28 grams.*
- *You can see your nose all the time but somehow your brain always ignores it.*
- *Human nose can remember up to 50,000 types of scents.*
- *It takes only 7 seconds for the food to go from the mouth, to the stomach via oesophagus.*
- *The reason honey is so easy to digest is that it has already been digested by a bee.*
- *The human body has enough iron in it to make a 3 inches long nail.*
- *Men get hiccups more often than women.*

# എന്റെ പ്രിയ കൂട്ടുകാരി

മറ്റുള്ളവരിൽ നിന്ന് അകന്ന് ജീവിച്ചിരുന്ന കുട്ടി. അശ്രദ്ധയും അനുസരണയും ഇല്ലാതെ അവൾ ജീവിച്ചു. ആരെയും കാണാതെ ഒന്നും ശ്രദ്ധിക്കാതെ വാട്സാപ്പ് , ഫെയ്സ്ബുക്ക് എന്നീ നാലുചുമരുകൾക്കുള്ളിൽ ഒതുങ്ങി തീർന്നവൾ, സ്വപ്ന പേരുപോലെ അല്ല സ്വപ്നം എന്താണെന്ന് അവൾക്കറിയില്ല . പുല്ലിൽ ഒളിഞ്ഞിരിക്കുന്ന മഞ്ഞുതുള്ളിയെയും തുമ്പിയെയും അവൾ കണ്ടിട്ടില്ല; ശ്രദ്ധിച്ചിട്ടില്ല. അവളെ ആരാലും മാറ്റാൻ കഴിഞ്ഞില്ല.

സ്കൂളിന്റെ വരാന്തയിലൂടെ നടക്കുമ്പോൾ വർണ്ണനിറം ചാലിച്ച ഒരു കത്ത് സ്വപ്നയെ തേടിയെത്തി . കത്ത് ആര് എഴുതിയതെന്നറിയില്ല. പിന്നിൽ മിർസാന എന്ന പേരും വയനാട് എന്ന സ്ഥലവും അവൾ കണ്ടു. മിർസാന ആരാണെന്നറിയില്ല. പക്ഷെ ആ കത്തുകളിൽ ഒരു കൊച്ചു ലോകമുണ്ടായിരുന്നു, വർണ്ണംനിറഞ്ഞലോകം . ആ കത്ത് സ്വപ്നയുടെ ജീവിതത്തെ ആകെ മാറ്റി . തിരിച്ച് ആ കത്തിന് മറുപടിയായ് അവൾ എഴുതി. സ്വപ്നയെക്കുറിച്ച്, അവളുടെ ജീവിത്തെക്കുറിച്ച്, അവൾ കണ്ട ലോകത്തെക്കുറിച്ച് അങ്ങനെയങ്ങനെ.......സ്കൂൾ വിട്ട് വന്ന് വീടിന്റെ ജനൽ വാതിലുകൾ തുറന്ന് അവൾ കണ്ടു മേഘങ്ങളെ, കൊച്ചു കൊച്ചു ചെടികളെ, പുല്ലുകളെ എല്ലാമെല്ലാം കൗതുകത്തോടെ നോക്കിനിന്നു പോയ്. റോഡിലൂടെ പോകുന്ന സൈക്കിളുകൾ കണ്ടപ്പോൾ തന്റെ കൊച്ചു

സൈക്കിളിനെ അവൾക്ക് ഓർമ്മവന്നു. മുറ്റത്തേക്ക് ഓടി തന്റെ സൈക്കിൾ ഓടിച്ചു. മുറ്റത്ത് സൈക്കിളിൽ പോവുന്ന തന്റെ മകളെ

കണ്ട് സ്വപ്നയുടെ അമ്മ അമ്പരന്നു പോയ്. മിർസാനയുടെ കത്തിനായ് സ്വപ്നയുടെ മനസ്സ് അവൾ അറിയാതെ തുടിക്കുന്നുണ്ടായിരുന്നു.മിർസാനയുടെ കത്തുകൾ വയനാട് എന്ന കൊച്ചു മലമ്പ്രദേശത്തിന്റെ സ്വപ്നങ്ങൾ നിറഞ്ഞതായിരുന്നു. ഏലത്തോട്ടത്തിലൂടെയുള്ള യാത്രകൾ മലഞ്ചെരുവുകൾ കുന്നുകൾ എല്ലാംമെല്ലാം കൊച്ചുകൊച്ചു മലയരുവികളും മറ്റും എല്ലാ ആ കത്തുകൾ അവളോട് പറഞ്ഞു. ആ കത്തുകളിൽ ഒരു പ്രപഞ്ചമുണ്ടായിരുന്നു. സ്വപ്നയുടെ പേനത്തുമ്പിലെ പ്രപഞ്ചം. അവൾ വരച്ചു. വയനാടിനെ ആ കൊച്ചു ഭൂമിയെ. സ്വപ്നയുടെ ജീവിതം മാറ്റി ലോകത്തെ സ്നേഹിക്കാനും സഹപാടികളെ സ്നേഹിക്കാനും അവൾ പഠിച്ചു. തന്റെ മകളുടെ മാറ്റം മാതാപിതാക്കൾക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. മിർസാന എഴുതുന്ന ഓരോ വാക്കുകളും സ്വപ്ന പേനകൊണ്ട് ചിത്രങ്ങളാക്കി മാറ്റി. മൊബൈൽ ഫോൺ മാറ്റി വച്ച് അവൾ മനോഹരമായ ലോകം കൈകളാൽ തീർത്തു. അവളുടെ ജീവൻ വയനാടൻ മൂടൽ മഞ്ഞിൽ അലിഞ്ഞു ചേർന്നിരുന്നു. ഏവരോടും പുഞ്ചിരിച്ചുകൊണ്ട് അവൾ സംസാരിച്ചു.അമ്മ സ്വപ്നയുടെ മുറിയിൽ കയറിയിട്ട് നാളുകളായിട്ടുണ്ടായിരുന്നു. ഒതുക്കവും വെട്ടുപ്പുമില്ലാതെ ഇരിക്കുന്ന മുറിയായിരുന്നു ആ അമ്മയുടെ മനസ്സിൽ. പക്ഷേ ഇന്ന് ആ മുറി കണ്ടപ്പോൾ അമ്മ ഞെട്ടിപ്പോയി. മനോഹരമായ പ്രകൃതിയുടെ ചിത്രങ്ങൾ എത്ര രസകരമായി വരച്ചു വച്ചിരിക്കുന്നു. സ്വപ്നയുടെ ടേബിളിൽ മിർസാന എന്ന കുട്ടിയുടെ

കത്തുകൾ നിറഞ്ഞു നിൽക്കുന്നു.അതിനിടയിൽ ഒരു കൊച്ചു മഞ്ഞക്കിളിയുടെ ചിത്രം. "എന്റെ പ്രിയ കൂട്ടുകാരി" എന്ന പേരും. അമ്മ ആ ചിത്രങ്ങൾ എടുത്തുവച്ചു. പിറ്റേന്ന് പത്രത്തിലെ വാർത്ത

കണ്ട് ക്ലാസിലെ കുട്ടികൾ ഓടി സ്വപ്നയുടെ അടുത്തെത്തി.

ഏറ്റവും നല്ല ചിത്രകാരി എന്ന ബഹുമതി അവൾക്കാണത്രേ. 15-ാം തിയ്യതി തിരുവനന്തപുരത്ത് പോകണം. 'എനിക്ക് കാണാം എന്റെ പ്രിയ കൂട്ടുകാരിയെ' വീട്ടിലെത്തിയ ശേഷം അവൾ പറഞ്ഞു. എന്നെ സ്വാധീനിച്ച എന്റെ കൂട്ടുകാരി... മിർസാനയെ വിശേഷിപ്പിച്ചത് അങ്ങനെയായിരുന്നു.അവർ യാത്രയായി, മിർസാന പരിചയപ്പെടുത്തിയ വയനാടിന്റെ കാഴ്ചകൾ ഓരോന്നായി അവളുടെ മുന്നിൽ തിളങ്ങിനിന്നു. അവർ വയനാടിന്റെ മടിത്തട്ടിലെത്തി. മിർസാന ഒരു അനാഥാലയത്തിലാണ് ജീവിക്കുന്നത്. ലിറ്റിൽ ഫ്ലവർ കോൺവെന്റിന്റെ ഒരു മുറിയിൽ ജാലകം തുറന്ന് മിർസാന ഇരിക്കുകയാണ്. "മിർസാനാ..." സ്വപ്ന വിളിച്ചു. "എങ്ങനെ നന്ദി പറയണമെന്നറിയില്ല. എന്റെ പ്രിയ കൂട്ടുകാരിയാണു നീ. എന്നെ ഞാനാക്കിയത് നീയാണ്..." മിർസാനയുടെ കൈകൾ തഴുകിക്കൊണ്ട് സ്വപ്ന പറഞ്ഞു."എന്റെ കത്തുകൾക്ക് പകരമായി മനോഹരമായ ചിത്രങ്ങൾ എനിക്കായി നീ തന്നു." മിർസാന പറഞ്ഞു.സ്വപ്ന യുടെ അമ്മ പറഞ്ഞു "വളരെ നന്ദിയുണ്ട് മോളേ അവളെ അവളാക്കി തീർത്തതിന്". എന്നാൽ ഞങ്ങൾ പോട്ടെ , സ്വപ്നയുടെ കണ്ണുകൾ നിറഞ്ഞു. തന്റെ പ്രിയ സുഹൃത്തിനെ അവിടെ ഒറ്റയ്ക്കാക്കി പോകാൻ അവൾക്ക് താല്പര്യമുണ്ടായിരുന്നില്ല. അത് ആ മാതൃഹൃദയത്തിന് മനസ്സിലാവുമായിരുന്നു. "എനിക്ക് ഒരു മോളേയുള്ളൂ പക്ഷേ മോളേപ്പോലെയുള്ള മകളെ കിട്ടുന്ന അമ്മ ഭാഗ്യവതിയാണ്. ആ ഭാഗ്യം എനിക്ക് തന്നുകൂടെ."മിർസാനയുടെ മുഖം തെളിഞ്ഞു. ആ അമ്മ അവളെ ചേർത്തുപിടിച്ചു ചുരത്തിൽ നിന്നുമുള്ള ഒരു കൊച്ചു തെന്നൽ അവരെ തഴുകി...


**അശ്വതി ടി .വിജയകുമാർ** **IX C**




ASWATHY.T.VIJAYAKUMAR
IX C



FAHADHA SHAHUL HAMEED
IX B



ASWATHY.T.VIJAYAKUMAR



HASNA ABDUL MAJEED

# PROVERBS

1.Action speaks louder than words.

2.Empty vessels make the most sound.

3.The early bird catches the worm.

4.Good fences make good neighbours.

5.Clothes do not make the man.

6.Death is the great leveller.

7.Brevity is the soul of wit.

8.Nothing succeeds like success.

9.Prevention is better than cure.

10.Slow and steady wins the race.

11.Time and tide waits for no man.

12.Necessity is the mother of invention.

13.Health is better than wea

16.A bid in the hand *is* worlth.

14.One lie makes many.

# ഓട്ടിസം

ഈ മനോഹരമായ പ്രകൃതിയിൽ ഒരിക്കൽ മാത്രം വീണു കിട്ടുന്ന നമ്മുടെ ജീവിതം എത്ര ധന്യമാണ് അല്ലേ? കളിച്ചും ചിരിച്ചും ആർത്തുല്ലസിച്ചും ആഘോഷമാക്കുന്ന ബാല്യം! സൗഹൃദങ്ങളും സ്നേഹസൗധങ്ങളും പരവതാനി വിരിക്കുന്ന കൗമാരം! പ്രതിബന്ധതയുടെ ആഘോഷങ്ങളിൽ അനുഭൂതി നൽകുന്ന യൗവ്വനം! തലമുറകൾക്ക് ഊടും പാവും നൽകി പടയോട്ടം നടത്തിയ പടനിലങ്ങളുടെ കണക്കെടുപ്പ് നടത്തുന്ന വാർദ്ധക്യം!! കൊണ്ടും കൊടുത്തും പച്ചയായ യാഥാർത്ഥ്യങ്ങളോട് പ്രതികരിച്ചും മുന്നേറിയ ഓരോ മനുഷ്യനും ഈ പ്രപഞ്ചത്തിൽ മരിച്ചു മണ്ണടിയുന്നത് മതിതീരുവോളം ജീവിച്ചു തീർത്തിട്ടല്ലല്ലോ. എത്ര ജീവിച്ചാലും ബാക്കിയാകുന്ന സ്വപ്നങ്ങൾക്ക് പരിമിതികളില്ല. സംഭവ ബഹുലമായ ഈ ജീവിതത്തിന്റെ ഓരോ നിമിഷവും നമ്മിലുണർത്തുന്ന വികാര വിചാരങ്ങൾ അക്ഷരാർത്ഥത്തിൽ വിവരണാതീതം തന്നെ. എന്നാൽ ഇതൊന്നുമല്ലാതെ നമുക്കിടയിൽ കഴിഞ്ഞു കൂടുന്ന എത്രയോ ജീവിതങ്ങൾ. പ്രശ്നങ്ങളോട് ഒന്ന് പ്രതികരിക്കാൻ പോലുമാകാതെ എന്തിന്, സ്വന്തം ആവശ്യങ്ങളെപ്പോലും പ്രകടിപ്പിക്കാനാവാതെ എല്ലാം ഒരു നിസംഗതയോടെ പ്രതിഫലിപ്പിക്കുന്ന നമ്മുടെ സ്വന്തം സഹജീവികൾ- ഓട്ടിസം എന്ന അവസ്ഥയിലൂടെ ജീവിതത്തിന്റെ മേച്ചിൽപുറങ്ങളിൽ എങ്ങനെയോ കഴിഞ്ഞു കൂടുന്നവർ. സ്വന്തം ഇഷ്ടങ്ങളേയും

അനിഷ്ടങ്ങളേയും വേർത്തിരിച്ചറിയാനാവാതെ, വികാരവിചാരങ്ങളെ ഫലപ്രദമായി പ്രകടിപ്പിക്കാനാകാതെ, കുടുംബ ബന്ധങ്ങളേയും സാമൂഹ്യ ജീവിതത്തേയും കുറിച്ച് പ്രതികരിക്കാനാവാതെ, വരുംവരായ്കകളെ കുറിച്ചുള്ള ആകാംക്ഷയോ കണക്കു കൂട്ടലുകളോ ഇല്ലാതെ, ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നകന്ന്, മൂർത്തമായ മുഹൂർത്തങ്ങളോട് മുഖം തിരിച്ച്, ഉമിത്തീ പോലെ സ്വയം എരിഞ്ഞടങ്ങുന്ന ഈ മനസ്സുകളെ നാം എങ്ങനെയാണ് വിലയിരുത്തുക? അവരുടെ പരിചാരകരായിത്തീരേണ്ടി വരുന്ന ഉറ്റവരും ഉടയവരും. ജീവിതത്തിന്റെ അർത്ഥഭേദങ്ങൾ കണ്ടില്ലെന്ന് നടിച്ച്, സ്വന്തം ചോരയുടെ നിർവികാരതയിൽ അലിഞ്ഞു ചേർന്ന്, അവർക്ക് വേണ്ടി മാത്രം ഹോമിച്ചു കളയുന്ന ആത്മാവുകളായി തീരുന്നവർ. അവരുടെ സ്വപ്നങ്ങൾ, വ്യഥകൾ, ആകുലതകളും, ആവലാതികളും നിറഞ്ഞ ഉറക്കമില്ലാത്ത ദിനരാത്രങ്ങൾ. ഇനിയാർക്കും ഈ ദുരവസ്ഥ വരല്ലേ എന്ന പ്രാർത്ഥനകൾ... ആത്മഹത്യയെ കുറിച്ചുള്ള ചിന്ത; എന്നാൽ തനിക്കു ശേഷം തന്റെ കുട്ടിക്ക് ആരുണ്ടെന്നുള്ള ഞെട്ടലിൽ അത്തരം ഉദ്യമങ്ങളിൽ നിന്നും പിന്തിരിയുന്നവർ... ഓട്ടിസത്തിന്റെ ബാക്കി പത്രം ഇവിടെ ഒടുങ്ങുകയല്ല; തുടങ്ങുകയാണ്

കുട്ടികളിലെ ബുദ്ധിവികാസവുമായി ബന്ധപ്പെട്ട് കാണുന്ന ഒരു മാനസിക വ്യതിയാനമാണ് ഓട്ടിസം.! ലിയോ കാനർ എന്ന മനോരോഗ വിദഗ്ദ്ധനാണ്

1943 ൽ ഈ പദം ആദ്യമായി ഉപയോഗിച്ചത്. "ഇൻഫാന്റൈൽ ഓട്ടിസം" എന്നാണ് അദ്ദേഹം ഈ അസുഖത്തിന് പേരിട്ടത്. 1980 ലാണ് ഇതിനെ വ്യക്തമായ ഒരു മാനസിക രോഗമായി അംഗീകരിച്ചത്. എന്നാൽ നിരന്തരമായ പഠനങ്ങളുടേയും നിരീക്ഷണങ്ങളുടേയും ഫലമായി ഓട്ടിസം എന്നത് ഒരു രോഗമല്ലെന്നും മാനസികമായ ഒരു അവസ്ഥയാണെന്നുമുള്ള നിഗമനത്തിൽ ഇപ്പോൾ ശാസ്ത്രലോകം എത്തിയിരിക്കുന്നു. ഓട്ടിസക്കാരായ മക്കളുടെ രക്ഷിതാക്കൾ ഒരു ഞെട്ടലോടെയാണ് ദിവസവും ഈ ചോദ്യം സ്വയം ചോദിച്ചു കൊണ്ടിരിക്കുന്നത്. ഉത്തരമില്ലാത്ത ഇത്തരം ചോദ്യങ്ങൾക്ക് ആർക്കാണ് വ്യക്തമായ മറുപടിയുള്ളത്? ഈ ചോദ്യം സമൂഹത്തിനു നേരെയുള്ളതാണ്. സമൂഹം അതിനുള്ള ഉത്തരം കണ്ടെത്തിയേ മതിയാകു. വിദേശ രാജ്യങ്ങളിൽ പലയിടത്തും ഓട്ടിസക്കാരായവരെ  നേരത്തേ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി സ്വയം പര്യാപ്തിയിലേക്കു നയിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. പ്രസവാനന്തരം ഓട്ടിസാവസ്ഥയും മറ്റു വൈകല്യങ്ങളും തിരിച്ചറിയുന്ന കുട്ടികളെ സർക്കാർ ദത്തെടുക്കുകയും സമൂഹത്തിനുതകും വിധം അവരെ പ്രാപ്തരാക്കുകയും ചെയ്യുന്ന പദ്ധതികൾ അവിടങ്ങളിൽ അനവധിയാണ്. നമ്മുടെ നാട്ടിൽ ഇതെല്ലാം തീർത്തും ശൈശവാവസ്ഥയിലാണ്. എങ്കിലും ആശാവഹമായ ഒത്തിരി ഒത്തുകൂടലുകളും കൂട്ടായ പരിശ്രമങ്ങളും നടന്നു വരുന്നുണ്ട്. സർക്കാർ തലത്തിലും അല്ലാതെയും നിലനിൽക്കുന്ന നിരവധി പ്രസ്ഥാനങ്ങൾ...

സ്ഥാപനങ്ങൾ... അന്ധവിശ്വാസങ്ങൾക്കും അബദ്ധജഢിലമായ ധാരണകൾക്കുമപ്പുറം സമൂഹത്തിന്റെ തിരിച്ചറിവ് ശരിയായ ദിശയിലേക്ക് ചലിക്കുകയാണ്. ഓട്ടിസം ഒരു രോഗമല്ലെന്നും മാനസികമായ ഒരു അവസ്ഥയാണെന്നും ഇന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എല്ലാ പൗരന്മാരേയും പോലെ ഈ മണ്ണിൽ വളരാനും മുന്നേറാനും അവർക്കും അവകാശമുണ്ട്. എന്നാൽ ഈ അവകാശങ്ങൾ നേടിയെടുക്കാൻ ഒരു സംഘടിത ശക്തിയായി അവർക്ക് ഒറ്റക്ക് രൂപപ്പെടാനാവില്ല. സമൂഹത്തിന്റെ കൈത്താങ്ങ് ഇക്കാര്യത്തിൽ അനിവാര്യമാണ്. സഹാനുഭൂതിക്കപ്പുറം അവർക്കവകാശപ്പെട്ടത് അനുവദിച്ചു കൊടുക്കാനും നേടിയെടുക്കാനും അവരോടൊപ്പം ഈ സമൂഹവും ഉണ്ടാകണം. സർക്കാർ ഒപ്പമുണ്ട്, നമ്മളും കൂടെയുണ്ടാകണം. അവരെ നമുക്ക് നെഞ്ചോട് ചേർത്ത് പിടിക്കാം.

,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,



# IF THERE IS A WILL, THERE IS A WAY

All of us wish to achieve many things in life. But usually many of us do not succeed in achieving anything. And often we tend to impute our failures to fate or misfortune. But the fact is that we have only ourselves to blame for our failures. It is not enough that we wish to achieve something. We should have the proper will-power to carry out our plans. Without such determination we will not be putting in enough strength to make our plans a success. Apart from that, even when the scope of our plan looks rather dull, we will spot out fresh opening for it's success if we are determined enough.

On the other hand, a good plan with enough scope will not succeed if there is a lack of will. So what matters is that we have the proper drive or determination carry on with our plans in the face of obstacles. A person who lacks determination will get down hearted and deter from his plans if he faces some difficulty. But a man with enough will-power or determination goes on until he succeeds. It provides fresh openings.

THE MORE WE ARE DETERMINED TO WIN,THE MORE WE ARE ON THE ROAD TO SUCCESS.

ANASWARA.C.S IX B

# *HANGING TOGETHER*

***The cranes were eating grain from his field, so the farmer set a trap and caught several of them. Among them was a stork. "You can see I don't belong here," said the stork. "I'm a law-abiding bird. Please let me go."***

***You may be well what you claim to be,"said the farmer. "But I caught you along with there robbers, so you will have to hang with them."***

"YOU ARE JUDGED BY THE COMPANY YOU KEEP… "

*HASNA ABDUL MAJEED*
*IX-C*



# *MAHATMA GANDHI*

Mohandas karamchand Gandhi or the Mahatma as he is called, is the father of the Indian nation. Born on October 2,1869,at Porbandar in Gujarat,he married kasturba. In 1893 he left India for South Africa and fought for the civil rights of the Indians there. In 1894,he founded the Natal Indian *Congress. In 1901 he returned to India to see his motherland under the misrule of the British. He took the plunge to lead the nation in its quest for freedom. He gave shape to the Satyagraha model of struggle in 1901,and later on his efforts to fight the British armed with the weapons of peace and non-violence. In the midst of his struggle for India's freedom,he was many a time arrested and sent to jail. He became became Mahatma,or the Great soul,to every Indian for his unrelenting struggle for India's freedom. On the fateful day of January 30,1948,he breathed his last after being shot by the fanatic Nathuram Godsa.*


# ഭൂമിശാസ്ത്രപരമായ ഇരട്ടപേരുകൾ


1. *അറബിക്കടലിന്റെ റാണി*
2. *ലോകത്തിന്റെ മേൽക്കൂര*
3. *ആയിരം തടാകങ്ങളുടെ രാജ്യം*
4. *ലോകത്തിലെ പഞ്ചസാരകിണ്ണം*
5. *ഇന്ത്യയുടെ സുന്ദരവ്യഞ്ജനത്തോട്ടം*
6. *അംബരചുംബികളുടെ നാട്*
7. *വെള്ളക്കാരന്റെ ശവകുടീരം*
8. *ഇംഗ്ലണ്ടിന്റെ പൂന്തോട്ടം*
9. *പഞ്ചനദികളുടെ നാട്*
10. *സുവർണകവാട നഗരം*
11. *ഇന്ത്യയുടെ കവാടമാർഗ്ഗം*
12. *കിഴക്കിന്റെ വെന്നീസ്*
13. *വിലക്കപ്പെട്ട നഗരം*
14. *ഉദയസൂര്യന്റെ നാട്*
15. *ചൈനയുടെ ദുഃഖം*

## ഉത്തരങ്ങൾ :-

1. കൊച്ചി 2. ചാമീർസ് 3. ഫിൻലാന്റ് 4. ക്യൂബ 5. കേരളം 6. ന്യൂയോർക്ക് 7. ആഫ്രിക്ക 8. കെന്റ് 9. പഞ്ചാബ്


10. സാൻഫ്രാൻസിസ്കോ 11. മുബൈ 12. ആലപ്പുഴ 13. ടിബറ്റ് 14 നോർവെ 15. ഹ്യാങ്ഹോ നദി





RAHANA T. R
IX C

RIYA C.S
IX C






MILKA K S
IX C

SIVAGANGA V PU
IXC

# സൗഹൃദത്തിന്റെ നാനാർത്ഥം

*സൗഹൃദം......ഒരിക്കലും വറ്റാത്ത സ്നേഹത്തിന്റെ നീരുറവയാണ്. അത് കൊടുക്കാനും പകരാനും കഴിയുന്നത് ജീവിതസൗഭാഗ്യമാണ്. നമ്മുടെ സുഖദുഃഖങ്ങളിൽ പങ്കാളിയാവുന്ന നല്ല സുഹൃത്തിന്റെ സാമീപ്യവും സാന്നിദ്ധ്യവും ജീവിതത്തിൽ ഒരു കുളിർ മഴയുടെ ആസ്വാദ്യത നൽകും. കണ്ടുമുട്ടാനും പിരിയാനും വിധിക്കപ്പെട്ട ലോകത്ത് , സ്വന്തം എന്ന് പറയാൻ സ്നേഹത്തിന്റെ ഓർമ്മകൾ മാത്രം. മുൻജന്മ പുണ്യമാണ് സൗഹൃദം. നല്ല സുഹൃത്ത് ഹൃദയത്തിൽ പുഞ്ചിരി നിറച്ച സമ്മാനമാണ്. ഇത് നമ്മിൽ നിറഞ്ഞു നിൽക്കും. ഓർമ്മകൾ തരുന്നു - കുറച്ചു സമയത്തേക്കല്ല , ജീവിത കാലം മുഴുവൻ മനസ്സിനെ സന്തോഷിപ്പിക്കാൻ ഒരു സ്വപനം മതി. "മനസ്സിനെ വേദനിപ്പിക്കാൻ ഒരു പ്രണയം മതി . ഒരു സുഹൃത്ത് മതി എല്ലാ വേദനകളും മറക്കാൻ.”*



# QUIZ TIME

Q. In which part the fundamental duties include in our constitution?
A.51A
Q. Who was the person known as 'Frontier Gandhi'?
A. Khan Abdul Ghaffar Khan.
Q. Which is the scholar who cured diseases using herbs?
A. Charak
Q. Which is the longest poem in world?
A. Mahabharatha
Q. Who was the author of Joothan?
A. Omprakash Valmiki
Q. Who assassinated after the Battle of plassey?
A. Sirajuddaulah
Q. Which is the main star of solar system?
A. Sun
Q. Which is the biggest tree in the world?
A. Red Wood Seckoya
Q. Who was the grand old man of Indian national congress?
A. Dadabhai Naoroji

Q. Which is the non-greenhouse gas?
A. Sulphur dioxide
Q. Who is the leader of February revolution?
A. Czar Nicholas
Q. Who was the last known Mughal emperor?
A. Bahadur Shah Zafar
Q. What is meant by Bermuda?
A. Ocean rise
Q. Who is known as Deshbandhu?
A. Chittaranjan das
Q. Number of legs mosquito have ------------
A. 6
Q. Which country invented Globe for first time?
A. Germany
Q. “Nothing is more graceful for a brave man than to live life devoid of self respect”who's word is this?
A. Dr. B. R. Ambedkar
Q. What is the name of 'Tropical cyclones'?
A. Rita

# ജീവിതശൈലീ രോഗങ്ങൾ

കേരളത്തിന്റെ ആരോഗ്യമാതൃക ലോകശ്രദ്ധ ആകർഷിക്കുമ്പോഴും നാം അഭിമുഖീകരിക്കുന്ന ചില സുപ്രധാന പ്രശ്നങ്ങളാണ"ജീവിതശൈലീ രോഗങ്ങൾ".പ്രമേഹം,രക്താതിസമ്മർദ്ദം, ഹൃദ്രോഹം, കാൻസർ മുതലായവയാണ് പ്രധാനം. പണ്ട് നാം ഏറെയും കേട്ടിരുന്നത് മലമ്പനി, വസൂരി,ക്ഷയം, കുഷ്ഠം തുടങ്ങിയ പകർച്ചാവ്യാധികളെക്കുറിച്ചായിരുന്നു. പ്രമേഹം,പ്രഷർ എന്നിവ ധനികർക്ക് മാത്രമുള്ള രോഗങ്ങളായിരുന്നു അന്നൊക്കെ. കുട്ടികളെന്നോ പ്രായമായവരെന്നോ വേർത്തിരിവില്ലാതെ നമുക്ക് ഇന്ന് ജീവിതശൈലി രോഗങ്ങളെ കാണാനാവും. കേരളത്തിൽ ഇന്നുള്ള മരണങ്ങളിൽ പകുതിയിലേറെയും ജീവിതശൈലി രോഗങ്ങൾ മൂലമാണ്.ചികിത്സാ ചിലവിന്റെ കാര്യത്തിൽ അവ മുൻപന്തിയിൽതന്നെ. വ്യായാമമില്ലായ്മ, അലസവും സുഖലോലുപവുമായ ജീവിതരീതികൾ, ഭക്ഷണ ശീലങ്ങളിൽ വന്ന മാറ്റങ്ങൾ അമിതാഹാരം, തടിച്ച ശരീര പ്രകൃതി, കീടനാശിനികൾ അമിതമായി ഉപയോഗിച്ചുണ്ടാക്കിയ പച്ചക്കറികൾ, പൊരിച്ചതും വറുത്തതുമായ മത്സ്യ-മാംസാദികളുടെ വർദ്ധിച്ച

ഉപയോഗം,പുകയില, പാൻമസാല, മദ്യം തുടങ്ങിയവയുടെ ഉപയോഗവും ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

***അല്പം ശ്രദ്ധിച്ചാൽ നമുക്ക് തന്നെ അതെല്ലാം ഇല്ലാതാക്കാം. വ്യായാമത്തിന് പ്രാധാന്യം നൽകുക, അരിഭക്ഷണം കഴിക്കുക, പച്ചക്കറികൾ അല്പനേരം ഉപ്പുവെള്ളത്തിലിട്ടതിനു ശേഷം ഉപയോഗിച്ചാൽ വളരെ നല്ലത്. വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ ഒഴിവാക്കുക. പുയിലയുടെ ഉപയോഗം,മദ്യം, പാൻമസാല എന്നിവ പൂർണമായും ഒഴുവാക്കുക.***



# 10 PRINCIPLES FOR LEADERS....

- ***Avoid unnecessary criticism and complaints.***
- ***Give honest and sincere appreciation.***
- ***Make the companions feel important.***
- ***Become genuinely interested in other people.***
- ***Learn to smile wherever possible.***
- ***Call others by their name.***
- ***Be a good listener Encourage others to talk about themselves.***
- ***Talk in terms of other man's interest.***
- ***Remember that action speaks louder than words.***
- ***Do not try to imitate anyone. But have you own identity.***

***ARCHANA.K.S.***
***IX B***

# വരകളിൽ തെളിയുന്ന വിലാസം

*പുസ്തകങ്ങൾ , ഇലക്ട്രോണിക് ഉപകരണങ്ങൾ , വിദേശ നിർമ്മിത വസ്തുക്കൾ തുടങ്ങി പല ഉത്പന്നങ്ങളുടെയും കവറിനു പുറത്ത് സീബ്ര ലൈൻ പോലെ പല വർണ്ണങ്ങളിലുള്ള കുഞ്ഞു കുഞ്ഞു വരകൾ കൂട്ടുകാരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഇത് എന്താണെന്നറിയാൻ അറിയുവാൻ കൂട്ടുകാർക്ക് കൗതുകം തോന്നിയിട്ടില്ലേ..? പലർക്കും ഇത് ബാർകോർഡ് ആണെന്ന് അറിയാം അല്ലേ... ഇതൊരു സൂത്ര ഭാഷയാണ്. വെളുത്ത പ്രതലത്തിലം കറുത്ത കറുത്ത വരകളും അവക്ക് അടിയിലെ അക്കങ്ങളും ആ ഉത്പന്നത്തിന്റെ പ്രധാന വിവരങ്ങൾ അടങ്ങിയ ഒരു ലഘുലേഖയാണ്. പ്രമുഖ കംപ്യൂട്ടർ കമ്പനിയായ ഐ . ബി . എം ആണ് ഇത്തരമൊരു സൂത്രഭാഷ കണ്ടുപിടിച്ചത് .ഇതിനെയവർ യൂനി വേഴ്സൽ എന്നാണ് വിളിച്ചിരുന്നത്. അമേരിക്കയിലെ ഓഹിയോവിലെ മാഷ് സൂപ്പർ മാർക്കറ്റിൽ ഒരു തേയില പാക്കറ്റിലാണ് ബാർകോർഡ് എന്ന് പിന്നീടറിയപ്പെട്ടു തുടങ്ങി ഈ സൂത്ര ഭാഷ ആദ്യമായി പ്രയോഗിച്ചത് . ഉത്പന്നങ്ങളിൽ പതിച്ച ബാർ കോഡിനെ ഒരു സ്കാനറിനു മുന്നിൽ കാണിച്ചാൽ അതിലെ അക്കങ്ങളും വരകളും സ്കാനർ തിരിച്ചറിയുന്നു . അതോടെ അതിലടങ്ങിയ രഹസ്യ വിവരങ്ങൾ കംപ്യൂട്ടറിൽ കൈമാറുന്നു. ഇതാണ് ബാർ കോഡെന്ന ഈ സൂത്രഭാഷാ പദ്ധതിയുടെ ഗുട്ടൻസ്*

# EXAMINATION

**I am in tension.........................................**
**Because of my examination.....................**
**In Hindi there is Composition.................**
**In English there is Imagination...............**
**In Maths there is Application.................**
**In Physics there is Radiation...................**
**In Chemistry there is Equation...............**
**In Biology there is Respiration ...............**
**In History there is Civilization...............**
**In Civics there is Administration...........**
**In Geography there is Population..........**
**In Accountancy there is Reconciliation..**
**In Statistics there is Representation.......**
**In Economics there is Production..........**
**In Computer there is Visualization........**
**So dear friends, because of confusion....**
**Don't miss your Examination................**
**As you are the backbone of our Nation..**

# ഒരു വേദന

എനിക്ക് എന്തോ നഷ്ട്പ്പെട്ടു . നഷ്ട്പ്പെടാൻ ഞാൻ ഒന്നും
നേടിയതായി ഓർമ്മയില്ല . പക്ഷെ മനസ്സിൽ
എവിടെയോ വല്ലാത്ത ഒരു വേദന വന്ന് വിങ്ങുന്ന
പോലെ ഒരു തോന്നൽ .ഞാൻ എന്റെ മുറിയിലേക്ക്
ചെന്നു. അവിടെ പാതി അടഞ്ഞ അലമാരയുടെ
താഴത്തെ തട്ടിലായി ഒരു നീലനിറത്തലുള്ള
പുസ്ത്കം എന്നെ നോക്കി ചിരിക്കുന്നതായി
എനിക്ക് തോന്നി. ക്ലാസ്സ് മുറിയുടെ ഒഴിഞ്ഞ കോണിൽ
ഞങ്ങൾ രുചിച്ച മിഠായി കടലാസുകൾ ഉണ്ടായിരുന്നു. എന്നാൽ അതിൽ
അവളുടെ പുഞ്ചിരി ഉണ്ടായിരുന്നില്ല.  ഞാൻ സൈക്കിൾ ഷെഡ്ഡിൽ
ചെന്നുനോക്കി.അവിടെ നിന്റെ പൊട്ടിപ്പോയ വളപ്പൊട്ടുകൾ
ഉണ്ടായിരുന്നു. പക്ഷെ അതിൽ നീ അനുഭവിച്ച വേദന ഉണ്ടായിരുന്നില്ല.
എനിക്ക് അറിയാം ആ മിഠായി കടലാസുകൾ നിന്റെ
പുഞ്ചിരിയെ എന്നിൽ നിന്ന് മറയ്ക്കുകയാണ്.
ആ വളപ്പൊട്ടുകൾ നിന്റെ വേദനയെ ഒളിപ്പിക്കുകയാണ്.
എനിക്കറിയാം നീ എന്നിൽ നിന്ന് അകലുകയാണ് .
പക്ഷെ നിന്നോടുള്ള എന്റെ സ്നേഹം അത് മറ്റുള്ളവരിൽ
പഴിചാരുകയാണ്.

അശ്വതി  ടി വി
9 c

# THE IMPORTANCE OF NEWSPAPERS

*Newspapers are of great importance. The are the most powerful media of mass communication. They give us varied information regarding the events that take place elsewhere. The day of a modern man starts with reading newspaper.*

*Newspapers give us news about political, social and other kind of events. Newspapers have different columns for sports, arts, agriculture, the youth and the like. We get up to date market position. They publish advertisements and announcements to enable the manufacture sell their products easily. They also publish articles written by people. We come to know from the newspapers the availability of jobs and occupations. The time of arrival and departure of transport vehicles is given in newspapers.*



# മരമൊരു വരം

മരമൊരു വരമാണതെൻജീവൻ
തൻ തണലായ്.....
പച്ചിലകൾ ചൂടി...ആകാശത്തോളം..
ചെറു സുഷിരത്തോളം...
മൃത്യു തൻ ജീവജാലങ്ങൾക്കൊരു
സംരക്ഷണ കടയായ്...
ഒരു തണൽ മരം...
മധുരനാദമൂറുന്നേതൊരു പക്ഷിക്കും
ജീവനാഡികളോടുന്ന ജന്തുവിനും
മരമൊരു വരമാണതെൻ ജീവൻ
തൻ അടിസ്ഥാനം..
കായ്കനികളും ഫലങ്ങളും
നിന്നിൽ സുലഭമായ്...
മാനവസമൂഹ രക്ഷകനായ്...
ഒരു തണൽ മരം...
ആഴമെത്രേ നിൻ നാകളാവുന്ന
വേരുറവകൾക്ക്...

കാലമെത്രേ നിൻ പുണ്യ-
മൃദു ജീവിതനാളുകൾക്ക്...
ഈ നിമിഷമിതിൽ ഞാനാ-
നന്ദ പൂർണവാനായി...
നിന്നിലേക്കുള്ള ദൂരമത്രേ...
ഞാൻ നിന്നോടടുത്തായ്....
ഇന്ന് ഞാൻ നിനക്കൊരാ-
ശ്വാസ സംരക്ഷണമേകാം...
മരമൊരു വരമാണതെൻ ജീവൻ
തൻ താങ്ങായ്...തണലായ്...
എൻ പ്രിയ വൃക്ഷതേജസേ...
ഞാൻ നിന്നെ സ്നേഹിക്കുന്നു.
ഈ നിമിഷം ഞാൻ പാടുന്നു
മരമൊരു വരമായി...

**നന്ദന.പി.എസ്.**
**IX B**

# AN IDEAL STUDENT

*An ideal student is one who is fully conscious of his duties and aware of his responsibilities.*

*He paves the way for the younger generations to tread on students who will be the leaders of tomorrow. A nation can prosper and reach the zenith of glory if it has disciplined army of students.*

*A ideal student lives in accordance with the strict rules of conduct and disciple .*

*This is the time of life when the foundation of character is laid. It is said, "if wealth is lost, nothing is lost, but if character is lost everything is lost". Similarly, without a sense of discipline, the student is like a ship without a redder, it sails adrift and never comes safe to harbour. He must obey the rules of schools and colleges and the dictates of his teachers & professors. He uses his discerning insight while selecting his companions. He is fully conscious of ensuring that not even a single evil force will tempt him. He knows well that a single rotten apple spoils all the apples in the basket. As we owe duty towards the*

*members of the family, an ideal student tries to understand how much he owes to his parents, brothers and sisters. It is duty realise that he is under*

heavy debt his parents.

An ideal student is a servant of the humanity. He should share the worries and other problems of life with the members of his family. He should also take been interest in social work wherever possible he should be active in finding out solution of various complicated problems of the society. An ideal student must possess the above cited qualities . This will also help the nation in the achievement of the prosperity of the country.

- HASNA ABDUL MAJEED
IX C



# FRIENDSHIP
# *THE POWERFUL WEAPON*

***Friendship is a gift of soul . Some people come to our lives and quickly disappear, some stay for a while leave their foot prints on our hearts and we are never ever the same. Real friends are rare. We have shared tears and hopes and dreams and the important thing is that we just come from a large miles away being one after some days. He /she is one who comfort me when I am worried and praise me when I am second best. You hold me when I am afraid of dark. You always given the kind of love that come from understanding hearts. Friendship is a relation ship of mutual affection between two or more people, friendship is a strange form of inter personal band than an association. It brings the rhythms for friendship. Though no eyes may ever see the wisdom of love. Friendship is a rich human relationship which has no profit or loss. When companionship matures into friendship, sensation ripes into emotions. It is a spiritual and mental relation, which cannot be destroyed by years and it is strongly rooted on our heart. A friend is a person or someone who reach for you in hands or touches your heart and understand you the most. Never, ever leave your friend again….***

***-***

***HASNA ABDUL MAJEED***
***IX C***

# LOVE IS FRIENDSHIP

*The friendship we have is so rare to find,*
*We hate to see each other in a bind.*
*We have made each other laugh*
*so hard we've cried,*
*We feel each other's pain if we are*
*hurt inside.*
*We always can find the right words to say,*
*To help us get through any dreadful day.*
*We have told our darkest secrets,*
*with feeling no shame,*
*We will tell each other the truth*
*even if we are to blame.*
*Thinking of you not being here*
*makes me feel so sad,*
*We will have to look back on our*
*crazy memories to make us glad..-*

**HASNA ABDUL MAJEED**

**IX-C**

# MY SECOND HOME

A place where we learn a lot of things
a place where we learn ourselves
we are not alone here
many friends to give COMPANY and LOVE
far away from parents
feel homesick
nothing to get worried

Nothing to get worried
the friends will help
make us STUDY and LEARN
How to stand on our legs
It is home away from home...

***FASNA.P.A***
***IX C***

# NIGHT

**I listen to the chirping of bird**
**I long for the sunlight,**
**I search for the colours**
**But I see only twinkle stars**
**shining moon.**
**Heard only the twinkle stars**
**Rustling of leaves**
**Murmuring of insects**
**Oh,it's night I thought to myself**
**Time to sleep. Then why should I be awake?**
**Let my thoughts be kept for tomorrow**
**Let me sleep**
**Making a wish to make dreams came before I breath my last!**

**ARCHANA.K.S.**
***IX B***


# "PASS IT ON"

*Have you had a kindness shown!*
*Pass it on!*
*It was not given for thee alone,*
*Pass it on!*
*Let it travel down the years,*
*let it wipe another's tears,*

*Till in heaven the deed appears,*
*Pass it on!*
*Did you hear a loving word!*
*Pass it on!*
*Like the singing of a bird?*
*Pass it on!*
*Live for self, you live in vain;*
*Live for Christ,you live again.*
*Live for him, with Him you reign,*
*Pass it on!*

***Riya.C.S,IX C***

# FRIENDS





The greatest feelings that
make the day
more brightness
The spiritual moment that
creates the
mind full of joy is
friends...... .......

In the glowing knowledge,
in the painful silence
in the way of pleasure
there will be most touchable
presence is friendship...........

Its sure, one thing can change every notion of life
is the most beautiful experience in the world
is our friends that follow us like a shadow..............

ASWATHY.T.VIJAYAKUMAR
*IX C*




ASWATHY.T.VIJAYAKUMAR
IX C

# കുട്ടിക്കാലം

ഇന്നലെപ്പോലെൻ മനസ്സിൽ
പറന്നുവന്നൊരു കുട്ടിക്കാലം
പറന്നുയരാൻ മോഹിക്കുമാ-
ക്കാലത്ത് വിരിയാമോഹങ്ങളേറെ
ഞൻ നിധിയായ് സൂക്ഷിച്ചു.
എന്നുടെ മോഹങ്ങളൊന്നും
സഫലമായില്ലെന്നോർത്ത്
ഞാൻ അശ്രു പൊഴുക്കിയില്ല,
ക്ഷമയെൻ മനസ്സിനാശ്വാസമേകി
അനാഥത്തിൻ പെരുവഴിയിൽ
ഞാൻ അമർന്നുനീങ്ങി
എൻ ജീവിതത്തിനന്ത്യം
തേടിയലഞ്ഞു ഞാനേറെ ചലിച്ചു
ആശ്വാസമേകാനെനിക്കാരുണ്ട്?
കൂട്ടിനു നിൽക്കാനെനിക്കാരുണ്ട്?
ആർക്കുമാർക്കും വേണ്ടാതെ
തനിയെ നിൽപ്പിതാ ഞാൻ
ചിന്തകളിലൂഴിയിട്ട്  നീങ്ങിയപ്പോൾ
കൂട്ടിനുകിട്ടിയൊരു കൂട്ടുകാരനെ
നമ്മുടെ ദൈവത്തെ...!!

SIVAGANGA

# കാത്തിരിപ്പിന്റെ വിലാപം

“ശരത് കുട്ടൻ വരുന്നുണ്ട്” ക്ഷേത്രനടയിലെ ആൽത്തറയിൽ മയങ്ങുന്ന ശാരദാമ്മയെ വിളിച്ചുണർത്തി ശാരദാമ്മ ഒരു ഞെട്ടലോടെ എഴുന്നേറ്റു. പ്രഷർ കൂടുതലായതിനാൽ എവിടെ ഇരുന്നാലും അങ്ങ് മയങ്ങിപ്പോകും അമ്പല ദർശനം കഴിഞ്ഞ് ഇത് പതിവാണ്. തെങ്ങിൻ തോപ്പിൽ നിന്ന്കണക്കെടുപ്പ് കഴിഞ്ഞ് വർമ്മസാർ വന്ന് വിളിച്ചാൽ മാത്രമേ ശാരദാമ്മ എഴുന്നേക്കാറുള്ളൂ. രമേശന്റെ വിളി പതിവു തെറ്റിച്ചു. വർമ്മ എത്തിയിട്ടുമില്ല. ശാരദാമ്മ കണ്ണു ചിമ്മികൊണ്ട് എഴുന്നേറ്റു. മരചില്ലകളിലൂടെയുള്ള സൂര്യ രശ്മികൾ അവരെ തഴുകി. കേട്ടത് പകൽ കിനാവാണോ എന്ന് തിരിച്ചറിയും മുൻപേ രമേശൻ നീങ്ങിക്കഴിഞ്ഞു. ശരത് മോന്റെ പണ്ടുമുതല്ക്കേയുള്ള കൂട്ടുകാരനാണ് രമേശൻ. അവനും ശരത്കുട്ടനും ചെയ്ത കുറുമ്പുകൾക്കും കുസൃതികൾക്കും അതിരുകളില്ല. അതു കൊണ്ട് ശരത് കുട്ടന്റെ വരവിൽ തങ്ങളെപ്പോലെ ഏറ്റവും കൂടുതൽ സന്താഷിക്കുന്നതും അവൻ തന്നെയായിരിക്കും. ശാരദാമ്മ പതിയെ പതിയെ പ്രസാദം തുറന്നു. നല്ല നനുത്ത ചുവപ്പു നിറമുള്ള ചന്ദനവും നിവേദ്യമായ വെണ്ണയും. ക്ഷേത്ര ദർശനം കഴിഞ്ഞാൽ ആ നനുത്ത കുറിയും വെണ്ണയും ശരത് കുട്ടനു നല്കുമ്പോൾ ആ മുഖത്ത് നിഷ്കളങ്കമായ ഒരു പുഞ്ചിരി വിരിയും. ഗോകുലനായ ഉണ്ണിക്കണ്ണന്റെ മുഖത്തെ പുഞ്ചരിയിൽ യശോദമാതാവ് അലിയുന്നതു പോലെ ശാരദാമ്മയും ഒരു നിമിഷം ആ പുഞ്ചിരിയിൽ മയങ്ങിപ്പോകും. “ശാരദാമ്മേ, എന്താണീ ആലോചിക്കണേ? വാ പോവാം” വർമ്മ സാറ് പറഞ്ഞു. ശാരദാമ്മ കൈ ഊന്നികൊണ്ട് മെല്ലെ എഴുന്നേറ്റു. കാറിൽ കയറി. കാർ മെല്ലെ ചലിക്കാൻ തുടങ്ങി. ശാരദാമ്മ സീറ്റിലേക്കു ചാഞ്ഞു. വർമ്മയുടെ കൈകൾ പതിയെ ശാരദാമ്മയെ തഴുകി. ചില്ലിലൂടെ ശാരദാമ്മ

നീണ്ടുകിടക്കുന്ന വയൽ വരമ്പിലേക്കു നോക്കി. കാറ്റുവന്നു തൊടുന്ന തെങ്ങിൻ പച്ചോലകളെ, വർണ്ണം വാരിവിതറിയ കൊക്കുകളെ, നെല്ലിൻ പൊത്തിലൂടെ തലയിട്ടുനോക്കുന്ന പാമ്പുകളെ അങ്ങനെയെല്ലാം. വയൽ വരമ്പിലൂടെ

അമ്മയുടെ കൈപിടിച്ചു നടന്നു പോകുന്ന കൊച്ചു ശരത് മോനെ അവർ കണ്ടു. ശാരദാമ്മ പുഞ്ചിരിച്ചു. 15 വർഷത്തെ ഓർമ്മകൾ അവർ അനുനിമിഷം പൊടിതട്ടിയെടുത്തു. കുസൃതിക്കുട്ടനായ ശരത് കുട്ടനെയും കൊണ്ടുനടന്ന കാലം. അവന്റെ പുഞ്ചിരി കളിയാടിയ കാലം.

വിശാലമായ നാലേക്കർ ചുറ്റുമുള്ള ആ വീട് അവന്റെ സ്വപ്നങ്ങളിൽ നിറഞ്ഞതായിരുന്നു. അവിടെയുള്ള പണിക്കാർക്ക് പോലും അവൻ പ്രിയപ്പെട്ടതാണ്. മാവിൻ കൊമ്പിൽ കയറിയും തുണികൊണ്ട് വീടുണ്ടാക്കിയും മീൻപിടിക്കാനും ചേറിൽ കളിക്കാനും അതിന് ശാരദാമ്മയുടെന്ന് തല്ലുകിട്ടാനും എല്ലാം ആ കുറുമ്പന് വലിയ ഇഷ്ടമാണ്. അന്ന് ശാരദാമ്മയുടെ കഥകളും പാട്ടുകളും കേട്ടാൽ മാത്രമേ അവൻ ഉറങ്ങുമായിരുന്നുള്ളൂ. എത്ര രാവുകൾ ശാരദാമ്മ അവന് കഥ പറഞ്ഞു കൊടുത്തിട്ടുണ്ടെന്നോ? ഉത്സവമായാൽ പിന്നെ ആനയുടെ പിറകെയായിരിക്കും. ഉത്സവപ്പറമ്പിൽ പോയാൽ കണ്ണ് ഉയർന്ന് പറക്കുന്ന ബലൂണുകളിലായിരിക്കും. അത് വാങ്ങിക്കാതെ തിരികെപ്പോവാനും പറ്റില്ല. മാമ്പഴക്കാലമായാൽ പറമ്പിൽ നിന്ന് കൊണ്ടുവരുന്ന മാമ്പഴത്തിൽ നിന്ന് കട്ടെടുത്ത് കൂട്ടുകാർക്ക് കൊടുക്കുകയും മേലെടുത്ത് തേയ്ക്കുകയും...അവന്റെ ഓരോരോ പതിവുകൾ. ശാരദാമ്മ വീണ്ടും ചിരിച്ചു. “എന്താ ഇങ്ങനെ ചിരിക്കണേ ശാരദാമ്മേ..” വർമ്മ ചോദിച്ചു. “ശരത്ത് മോനേക്കുറിച്ച് ഓർത്തതാ, എത്ര കാലായി അവൻ പോയിട്ട്. എന്റെ മരുമോളേയും കൊച്ചുമകളെയും കാണാൻ കൊതിയാവണു.” ശാരദാമ്മ പറഞ്ഞു. "അവര് ഇപ്പോ ഇങ്ങട് വരുല്ലോ ദാ വീടെത്തി" വർമ്മ പറഞ്ഞു. കാർ വീട്ടുമുറ്റത്ത് നിർത്തി. മാധവനും മറ്റു പണിക്കാരും അവിടെ കൂട്ടമായി നിൽപ്പുണ്ടായിരുന്നു.“എന്താ എല്ലാരും ഇങ്ങനെ നിക്കണേ ചെല്ല് ശരത്കുട്ടൻ ഇപ്പോ എത്തും ഇപ്പോ എത്തും വേഗം അവന് വേണ്ടതു ചെയ്യ്

രമണീ, സദ്യക്ക് പഴവുംപായസവും പ്രത്യേകം വെയ്ക്കണം. പിന്നെ മാധവാ ശരത്കുട്ടനെ കൊണ്ടുവരാൻ ഈ കാറിപ്പോണ്ട വേറെ കാറ് വിളിച്ചോട്ടെ. ഇനി സമയമില്ല ഞാൻ ഈസാരി മാറട്ടെ, ശരത് മോൻ തന്നയച്ച ആ


സെറ്റുസാരി ഒന്ന് ഉടുത്തിട്ടുവരാം അവനതു വളരെ ഇഷ്ടാ" ഇതു പറഞ്ഞുകൊണ്ട് ശാരദാമ്മ വീട്ടിലേക്കു കയറി. "എന്താ മാധവാ എന്താ പറ്റിയെ" മാധവന്റെ മുഖത്തെ വിഷാധത്തിലേക്ക് നേരെ വർമ്മ ചോദിച്ചു. "പോയ് സാറേ നമ്മുടെ ശരത് മോൻ പോയ്" കണ്ണീരടക്കികൊണ്ട് മാധവൻ പറഞ്ഞു. എന്നിട്ട് കൈയിലെ പത്രം വർമ്മയുടെ നേരെ നീട്ടി. "കേരളത്തിൽ വൻ വിമാന ദുരന്തം" അതിൽ തന്റെ പ്രിയപ്പെട്ട മകനും പേരക്കുട്ടികളും... 15 വർഷമായി ആകാത്തിരിപ്പ് എത്ര രാത്രിയെന്നോ പകലെന്നോ ഇല്ലാതെ വരുന്ന ഓരോ ഫോൺകോളുകളും വരുമ്പോൾ ഒരു എരിച്ചലും പ്രതീക്ഷയുമാണ്. പിറന്നാൾ ദിവസമായാൽ പിന്നെ ഏഴുകൂട്ടം പായസമൊരുക്കി അവർ കാത്തിരിക്കും മകന്റെ വരവ് അവർ അത്രമാത്രം ആഗ്രഹിച്ചിരുന്നു ഏതൊരു മാതാപിതാക്കളെയും പോലെ .

വർമ്മയുടെ കണ്ണുകൾ നിറഞ്ഞില്ല. ഒരു നിശ്ചലമായ പ്രതിമപോലെ മെല്ലെ തൂണിലേക്ക് ചാരി. മകന്റെ വേർപാട് ആ പിതാവിനെ തളർത്തി. "ശരത്കുട്ടൻ വന്നോ?" മനോഹരമായ സാരിയുടുത്ത് ശാരദാമ്മ പുറത്തേക്കു വന്നു. "അവൻ വരും...
അവൻ..വരും."കണ്ണീരടക്കിക്കൊണ്ട് വർമ്മ പറഞ്ഞു.
കൂടിനിന്നവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അകലെ ഒരു ആംബുലൻസിന്റെ ശബ്ദം മുഴങ്ങി കേട്ടു. ഒരു വേദനയായി...

**അശ്വതി ടി വി, 9 c**




MATHS SUB DISTRICT SECOND


SCIENCE SUBDISTRICT FIRST


IT SUB DISTRICT
FIRST


ഉപജില്ല കലോത്സവം മൂന്നാം സ്ഥാനം


SOCIAL SCIENCE FIRST


WORK EXPERIENCE FIRST


WINNERS IN SPORTS


സെന്റ് ആൻസിന്റെ പൊൻതൂവലുകൾ......
SUHANA P J
HASNA ABDULMAJEED
ANSIYA
EMBROIDERY - State level 1st A Grade
IT PROJECT - State level A Grade
THROW BALL - Zonal level 2nd

# നോബേൽ 2018

## വൈദ്യശാസ്ത്രം:

### കാൻസർ തെറാപ്പിയിലെ ഗവേഷണത്തിന്

ത്വക്ക്കാൻസർ,ശ്വാസകോശകാൻസർ എന്നിവയ്ക്കെതിരെ ചികിത്സാരീതി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ഇമ്യൂൺ ചെക്പോയിന്റ് ഇൻഹിബിറ്റർ തെറാപ്പി എന്ന രീതി വികസിപ്പിക്കുന്നതിൽ പ്രധാനപങ്കു വഹിച്ച രണ്ടു പേർക്കാണ് ഈ വർഷത്തെ വൈദ്യശാസ്ത്ര നൊബേൽ പുരസ്കാരം ലഭിച്ചത്. യു.എസി.ലെ ടെക്സാസ് സർവകലാശാലയിലെ പ്രൊഫസറായ ജയിംസ് അലിസൺ,ജപ്പാനിലെ ക്യോട്ടോസർവ്വകലാശാലയിലെ പ്രൊഫസറായ തസുക ഹോൻജോ എന്നിവരാണ് 7.34 കോടിരൂപ(90 ലക്ഷം സ്വീഡിഷ് ക്രൗൺ) വരുന്ന നോബേൽ സമ്മാനം പങ്കുവച്ചത്.

## ഭൗതികശാസ്ത്രം:

### ഒപ്റ്റിക്കൽ ലേസർ സാങ്കേതികവിദ്യ കണ്ടുപിടിച്ചതിന്

**അർബുദചികിത്സാരംഗത്തും നേത്രശാസ്ത്രക്രിയയിലും വിപ്ലവകരമായ മാറ്റങ്ങൾക്ക് കാരണമായ ഒപ്റ്റിക്കൽ ലേസർ സാങ്കേതികവിദ്യ കണ്ടുപിടിച്ച മൂന്നുപേരാണ് ഈ വർഷത്തെ ഭൗതികശാസ്ത്ര നോബേൽ സമ്മാനം** പങ്കിട്ടത്.യു.എസ്. പൗരത്വമുള്ള ഫ്രഞ്ചുകാരൻ ഷെറാദ് മെറുവും കാനഡക്കാരി ശിഷ്യ ഡോണ സ്ട്രിക് ലാൻഡും ആഷ്കിനോടൊപ്പം ഭൗതിക ശാസ്ത്ര നൊബേൽ പങ്കുവെച്ചത്.

## രസതന്ത്രം:

### ഡാർവിന്റെ പരിണാമ സിദ്ധാന്തം പരീക്ഷണശാലയിൽ

പ്രാവർത്തികമാക്കുന്നതിൽ വിജയിച്ച മൂന്നു പേരാണ് ഈ വർഷത്തെ രസതന്ത്ര നൊബേൽ സമ്മാനം പങ്കുവെച്ചത്.അമേരിക്കൻ ശാസ്ത്രജ്ഞരായ ഫ്രാൻസെസ് എച്ച് അർണോൾഡ്,ജോർജ് പി.സ്മിത്ത്,ബ്രിട്ടീഷ് ഗവേഷകൻ സർ ഗ്രിഗറി വിന്റർ എന്നിവർക്കാണ് പുരസ്കാരം.

## സാമ്പത്തിക ശാസ്ത്രം:

### ഗ്രീൻ ഗ്രോത്ത് മോഡൽ വികസിപ്പിച്ചവർക്ക്

വില്യം നോഡ്ഹൗസ്,എൻഡോജിനസ് ഗ്രോത്ത് തിയറി വികസിപ്പിച്ച പോൾ റോമർ എന്നിവരാണ് 2018 ലെ സാമ്പത്തിക നൊബേൽ സമ്മാനം പങ്കിട്ടത്.

## സമാധാനം:

### മനുഷ്യാവകാശപ്പോരാളികൾക്ക്

യുദ്ധഭൂമികളിലെ പീഡനങ്ങൾ ലോകത്തെ അറിയിച്ച മനുഷ്യാവകാശപ്പോരാളികൾക്കാണ് ഈ വർഷത്തെ സമാധാന നോബേൽ നൽകിയത്.ഇറാക്കിലെ യസീദീ പെൺകുട്ടി നാദിയ മുറാദിനും ആഫ്രിക്കയിൽ വംശീയ സംഘർഷത്തിൽ അതിക്രമത്തിനിരയായ സ്ത്രീകളെ പരിപാലിച്ച ഗൈനക്കോളജിസ്റ്റ് ഡെനിസ് മുകെഗ്വിക്കുമാണ് സഹൃദയപൂർവ്വം.......മാധാന പുരസ്കാരം ലഭിച്ചത്.

''''''''''''''''''''''''''''''''''''''''''''''''''''''''''''''

# ഹൃദയപൂർവ്വം.......

പാഠപുസ്തകങ്ങളുടെയും അക്ഷരക്കൂട്ടുകളുടെയും ഉള്ളിൽ ജീവിച്ച ഞങ്ങളുടെ മനസ്സുകളിലേക്ക്, ശാസ്ത്രസാങ്കേതികമേഖലയുടെ സുവർണ്ണലോകത്തേക്ക് കൈപിടിച്ചുയർത്തിയ ലിറ്റിൽ കൈറ്റസ് എന്ന സംഘടനയോടും അതിന്റെ പിന്നിൽ പ്രവർത്തിച്ചവരോടും നന്ദിപറയുന്നു. ഈ സുവർണ്ണനേട്ടത്തോടൊപ്പം 'ആൻസ് വിസ്മയം 2018'എന്ന E-magazine-ന് രൂപകല്പന നൽകിയിരിക്കുകയാണ് യാത്രയിൽ ഒപ്പം കൂടിയവർക്കും പ്രതീക്ഷകളുടെ തണൽ വിരിച്ചവർക്കും  കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു......

നന്ദിയോടെ,

*ലിറ്റിൽ കൈറ്റസ്.*

*സെന്റ്.ആൻസ് ജി.എച്ച്.എസ്.*

***എടത്തിരുത്തി***

# വിസ്മയത്തിന് പിന്നിലെ വിസ്മയങ്ങൾ

അശ്വതി.ടി.വിജയകുമാർ

രഹന.ടി.ആർ

ശിവഗംഗ.വി.പി.യു

അർച്ചന.കെ.എസ്

ഹസ്ന അബ്ദുൾ മജീദ്

റിയ.സി.എസ്

&

*OTHER KITES......*

